പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6540 — 21/11/2019 ലെ മറുപടി

## വിദ്യാലയങ്ങളിലെ അദ്ധ്യയന ദിനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, എം. സ്വരാജ്<br>,, യു. ആർ. പ്രദീപ്<br>,, ബി. സത്യൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പാഠ്യപദ്ധതിയുടെ ഭാരത്തിനനുസൃതമായി എത്ര പ്രവർത്തിദിനങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; അറിയിക്കാമോ; | (എ) 2019-20 അധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിൽ 203 പ്രവൃത്തിദിനങ്ങൾ ലഭിക്കുന്നതരത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള വിദ്യാഭ്യാസ ചട്ടം അധ്യായം VII റൂൾ -5 പ്രകാരമുള്ള വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്.<br>ഹയർ സെക്കന്ററി വിഭാഗത്തിന് 203 അധ്യയനദിനങ്ങളാണുള്ളത്. |
| (ബി) പ്രതികൂല കാലാവസ്ഥ, ദുരന്തങ്ങൾ, മറ്റു ആകസ്മിക പ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ പഠനം നഷ്ടപ്പെടുന്ന ദിവസങ്ങൾക്ക് എന്തു പരിഹാരമാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; | (ബി) പ്രതികൂല കാലാവസ്ഥ, ദുരന്തങ്ങൾ, മറ്റു ആകസ്മിക പ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ പഠനം നഷ്ടപ്പെടുന്ന ദിവസങ്ങൾക്ക് പകരം, കലണ്ടറിൽ മുൻകൂട്ടി പ്രവൃത്തി ദിനങ്ങളായി നിശ്ചയിച്ചിട്ടില്ലാത്ത ശനിയാഴ്ച്ചകളും രണ്ടാം ശനി ഒഴികെ പ്രവൃത്തി ദിനങ്ങളാക്കിക്കൊണ്ട് പരിഹാരം കാണുന്നുണ്ട്. കൂടാതെ മേളകൾ, കലോത്സവങ്ങൾ എന്നിവ പരമാവധി അവധി ദിനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നത്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി, ഹൈസ്കൂൾ പരീക്ഷകൾ ഒരുമിച്ച് നടത്തിയുള്ള പരീക്ഷാദിനങ്ങളുടെ ക്രമീകരണവും പരമാവധി സാദ്ധ്യായ ദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ്.<br>ഹയർസെക്കന്ററി വിഭാഗത്തിൽ പഠനം നഷ്ടപ്പെടുന്ന ദിവസങ്ങൾക്ക് പകരം തുടർന്നു വരുന്ന ശനിയാഴ്ചകളെ പ്രവൃത്തി ദിനമാക്കിക്കൊണ്ട് ബന്ധപ്പെട്ട ഹയർ സെക്കന്ററി മേഖലാ ഉപമേധാവിമാർ സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. |
| (സി) ഹയർസെക്കന്ററി ഒന്നാം വർഷ ക്ലാസുകൾ ആരംഭിക്കാൻ വൈകുന്നതുമൂലം സാദ്ധ്യായ ദിനങ്ങളിലുണ്ടാകുന്ന കുറവ് നികത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) 2019-20 അധ്യയന വർഷം മുതൽ ഹയർ സെക്കന്ററി ഒന്നാം വർഷ ക്ലാസുകളും, അധ്യയന വർഷാരംഭത്തിൽ സ്കൂളുകൾ തുറക്കുന്ന അതേ ദിവസം തന്നെ ആരംഭിച്ചിട്ടുണ്ട്. |

(ഡി) പൊതു വാർഷിക പദ്ധതിക്ക് പൂരകമായി സ്കൂളുകൾ പാഠ്യപദ്ധതി വിനിമയത്തിനുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നുണ്ടോ; നിരന്തര മൂല്യനിർണ്ണയം എത്രത്തോളം ഫലപ്രദമാണ്; വ്യക്തമാക്കാമോ;

(ഡി) ഉണ്ട്. സ്കൂൾ പാഠ്യപദ്ധതി വിനിമയത്തിന് സ്കീം ഓഫ് വർക്ക് എല്ലാ വർഷവും തയ്യാറാക്കാറുണ്ട്. നിരന്തര മൂല്യനിർണ്ണയം വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികാസത്തെ വിലയിരുത്തുന്നതിനുള്ള ഒരു സങ്കേതമാണ്. പഠനം ഒരു നിരന്തര പ്രക്രിയയായതിനാൽ വിലയിരുത്തലും നിരന്തരം നടക്കേണ്ട ഒന്നാണ്. അതിനാൽ ടേം മൂല്യനിർണ്ണയത്തോടൊപ്പം നിരന്തര മൂല്യനിർണ്ണയം നടത്തിയാണ് വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തുന്നത്.

(ഇ) പൊതു വിദ്യാലയങ്ങളിൽ പി. ടി.എ. കളും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ഇ) ഉണ്ട്. കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പി.ടി.എ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പി.ടി.എ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തന്നെയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നത് എന്ന കാര്യം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുണ്ട്. കൂടാതെ പ്രസ്തുത കമ്മിറ്റികൾ നടത്തുന്ന സാമ്പത്തിക ഇടപാടുകൾ എല്ലാം വകുപ്പ് തല ഓഡിറ്റിന് വിധേയമാക്കാറുണ്ട്.

ഹയർ സെക്കന്ററി വിഭാഗത്തിൽ പി.റ്റി.എ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ സ്കൂൾ അധികൃതർ കൃത്യമായി പാലിക്കണമെന്ന് 21/03/2018 തീയതിയിലെ ഹയർ സെക്കന്ററി ഡയറക്ടറുടെ സർക്കുലർ നമ്പർ .എസിഡി.സി.4/105160/18 എച്ച്.എസ്.ഇ പ്രകാരം എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും പി.റ്റി.എയും, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പി.റ്റി.എ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

സെക്ഷൻ ഓഫീസർ